## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5774 03.11.2016-ൽ മറുപടിയ്ക്ക്

### ചേലക്കര മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | ചേലക്കര മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര ശുദ്ധജല വിതരണ പദ്ധതികൾ ഉണ്ട്; | എ യും ബി യും | 15 ശുദ്ധജല പദ്ധതികൾ<br>1. തിരുവില്വാമല, കൊണ്ടാഴി വില്ലേജുകൾക്ക വേണ്ടിയുള്ള ത്വരിത ശുദ്ധജല പദ്ധതി (ഭാഗം)<br>2. തിരുവില്വാമല ഗ്രാമീണ ശുദ്ധജല പദ്ധതി<br>3. ചേലക്കോട് ഗ്രാമീണ ശുദ്ധജല പദ്ധതി<br>4. മായന്നൂർ ഗ്രാമീണ ശുദ്ധജല പദ്ധതി<br>5. കുത്താംമ്പുള്ളി ഗ്രാമീണ ശുദ്ധജല പദ്ധതി<br>6. വീട്ടിക്കുന്ന് ഗ്രാമീണ ശുദ്ധജല പദ്ധതി<br>7. കടങ്ങോട്ടും സമീപ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി<br>8. വരവൂർ ഗ്രാമീണ ശുദ്ധജല പദ്ധതി<br>9. ദേശമംഗലം ഗ്രാമീണ ശുദ്ധജല പദ്ധതി<br>10. ചേലക്കര സെൻസസ് ടൗണിലേയ്ക്കുള്ള ത്വരിത നഗര ശുദ്ധജല പദ്ധതി<br>11. പങ്ങാരപ്പിള്ളി ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി<br>12. മുള്ളൂർക്കര ഗ്രാമീണ ശുദ്ധജല പദ്ധതി<br>13. പാഞ്ഞാൾ ഗ്രാമീണ ശുദ്ധജല പദ്ധതി<br>14. ചെറുതുരുത്തി ഗ്രാമീണ ശുദ്ധജല പദ്ധതി<br>15. പന്നിയടി ഗ്രാമീണ ശുദ്ധജല പദ്ധതി |
| ബി | അവ ഏതെല്ലാം ആണ്; പേരു വിവരം വ്യക്തമാക്കാമോ; | | |
| സി | പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് ശുദ്ധജലം എത്തിക്കാൻ കഴിയുന്നുണ്ട്; | സി | ഉദ്ദേശം 142130 പേർക്ക് |
| ഡി | ചേലക്കര മണ്ഡലത്തിലെ പഞ്ചായത്തുകളിൽ വേനൽ കാലത്ത് കടുത്ത ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നതു കണക്കിലെടുത്തും, ഭൂഗർഭജലം വളരെ താഴ്ന്ന കിടക്കുന്നതും | ഡി | ചേലക്കര മണ്ഡലത്തിലെ പദ്ധതികളുടെ സ്രോതസ്സ് പ്രധാനമായും ഭാരതപ്പുഴയാണ്. ഭാരതപ്പുഴയിൽ നീരൊഴുക്ക് കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി കുഴൽ കിണർ ഉൾപ്പെടെയുള്ള മാർഗങ്ങൾ പരിഗണിക്കാവുന്നതാണ്.<br>ചേലക്കര നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കുടിവെള്ള |

| | |
|---|---|
| കണക്കിലെടുത്തും കുഴൽകിണർ സ്ഥാപിച്ചു കൊണ്ടുള്ള കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നല്കുമോ? | പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഹു.ആലത്തൂർ എം.പി പി.കെ.ബിജുവിന്റെ പ്രാദേശിക വികസന ഫണ്ടിലുൾപ്പെടുത്തി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1. പഴയന്നൂർ ഗ്രാമപഞ്ചായത്ത് - വെങ്ങിണിച്ചിറ കുടിവെള്ള പദ്ധതി (12 ലക്ഷം രൂപ)<br>2. ചേലക്കര ഗ്രാമപഞ്ചായത്ത് - കോട്ടയിൽ കുളമ്പ് - അരിമോടൻ കുന്ന് കുടിവെള്ള പദ്ധതി - (10 ലക്ഷം രൂപ)<br>3. വരവൂർ ഗ്രാമപഞ്ചായത്ത് - നടുവട്ടം രാമുപടി കുടിവെള്ള പദ്ധതി (10 ലക്ഷം രൂപ)<br>4. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് - മണ്ഡലംകുന്ന് കുടിവെള്ള പദ്ധതി (10 ലക്ഷം രൂപ)<br>5. തിരുവില്വാമല ഗ്രാമപഞ്ചായത്ത് - മലവട്ടം കുടിവെള്ള പദ്ധതി (10 ലക്ഷം രൂപ)<br>6. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് - നെട്ടംപുര കോവിൽ കുടിവെള്ള പദ്ധതി (10 ലക്ഷം രൂപ)<br>ഇതിൽ ആദ്യം പ്രതിപാദിച്ച വെങ്ങിണിച്ചിറ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കുഴൽ കിണർ നിർമ്മിക്കേണ്ട സ്ഥലം നെൽ വയലായതിനാൽ തുലാവർഷം കഴിഞ്ഞ് പാടം നല്ലതുപോലെ ഉണങ്ങിയാൽ മാത്രമെ കുഴൽ കിണർ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. മറ്റുള്ള സ്ഥലങ്ങളിലെ എസ്റ്റിമേറ്റുകൾ ഭൂജല വകുപ്പ് ഡയറക്ടർ തയ്യാറാക്കി വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ